# എഴുതാൻ മറന്നവർക്ക് സ്നേഹപൂർവ്വം....

ടി. സി. രാജേഷ്

*'ഇത്രമാത്രമേ പറയുവാനുള്ളു:*
*മിത്രത്തിൽ നിനക്കൊരു കണ്ണുവേണം*
*പച്ചച്ചിരിയുമായ് സൂക്ഷിക്കുന്നുണ്ടവൻ*
*കൂരിരുളിൻ മറവിൽ കൃപാണം!"* -എ. അയ്യപ്പൻ

ഇതൊരു മുന്നറിയിപ്പാണ്. ഓരോ സുഹൃത്തുക്കൾക്കും. പക്ഷേ, മുന്നറിയിപ്പുകൾ അവഗണിക്കപ്പെടുന്ന സമൂഹത്തിൽ ആവശ്യക്കാരേറെയുള്ള ഒരു വിപണനവസ്തുവായി സൗഹൃദങ്ങളും വഴിമാറുന്നു. ഇവിടെ വിൽപ്പനയ്ക്കു വച്ചിരിക്കുന്നത് വിലാസങ്ങളാണ്.

നിങ്ങൾക്കാവശ്യം ഏതുതരം സൗഹൃദങ്ങളുമാകട്ടെ, വിലാസങ്ങളുടെ വിപണിയിൽ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യമാണ് സൗഹൃദത്തെ മാംസനിബദ്ധമാക്കുന്നത്.

പ്രണയത്തിനും വിശ്വാസത്തിനും പ്രത്യേകദിനങ്ങൾ കല്പിച്ചുകൊടുത്ത നാം സൗഹൃദത്തിനായും ഒരു ദിനം മാറ്റിവച്ചിട്ടുണ്ട്- ഓഗസ്റ്റിലെ ആദ്യ ഞായറാഴ്ച. പക്ഷേ, കേവലമൊരു ദിവസത്തിന്റെ കെട്ടുപൊട്ടിച്ച് സൗഹൃദങ്ങൾ വർഷങ്ങളിലേക്കു വ്യാപിക്കുന്നു.

നമ്മുടെ സമൂഹത്തിൽ നല്ലൊരു സുഹൃത്തിനെ കണ്ടെത്താൻ വിഷമിക്കുന്നവർ ഏറെയുണ്ടത്രെ! തൂലികാസൗഹൃദക്ലബ്ബുകളും പത്രപ്പരസ്യങ്ങളും സൂചിപ്പിക്കുന്നതു മറ്റെന്താണ്?

രമണനും മദനനും സുഹൃത്തുക്കളായതും പരസ്പരം മനസ്സു തുറന്നതും എങ്ങിനെയായിരുന്നു? അവർക്കു മുന്നിൽ ഇ-മെയിലും ഇന്റർനെറ്റുമില്ലായിരുന്നു. നീണ്ട ഫോൺവിളികളില്ലായിരുന്നു. എന്തിന് തപാൽക്കാരന്റെ വരണ്ട പാദപതനങ്ങളുമില്ലായിരുന്നു. എന്നിട്ടും അവർ നല്ല സുഹൃത്തുക്കളായി.

നിര്യാതയായ സാഹിത്യകാരി ഗീതാഹിരണ്യൻ ഇലകൊഴിഞ്ഞുപോയ സൗഹൃദവൻമരത്തെ പറ്റി ഒരിക്കൽ എഴുതിയിരുന്നു. വിദ്യാഭ്യാസകാലത്തെ ഉപരിപ്ലവമായ കളിചിരി സൗഹൃദങ്ങൾ മാത്രമല്ല ഗഹനമായ സംവാദസൗഹൃദങ്ങളും ഇപ്പോഴും ഓർമ്മത്താളുകളിൽ മാത്രം. 'അക്കങ്ങളസ്വസ്ഥമാക്കുന്ന ജീവിതത്തർക്കങ്ങളിൽ കുഴഞ്ഞ് ജന്മം തുലഞ്ഞുപോകുന്ന'വർക്കും ജീവിതം സുഖകരമായൊരനുഭൂതിയാക്കുന്നവർക്കും പഴയകാലസൗഹൃദങ്ങളെ ഓർത്തു വേവലാതിപ്പെടാനെവിടെ നേരം! ജീവിതത്തിന്റെ വിഘ്നമാർഗ്ഗങ്ങളിലെവിടെയെങ്കിലും യാദൃശ്ചികമായി കണ്ടുമുട്ടിയാലും ഓർമ്മത്താളുകളിൽ നിന്നു പൊടിതട്ടിയെടുക്കുമ്പോഴേക്കും മാറിപ്പോകുന്ന,ശിഥിലരൂപങ്ങളായി അവരും, നമ്മളും ഒടുങ്ങുന്നു.

വിലാസങ്ങൾ കുറിച്ചുവച്ചൊരു സ്വകാര്യപുസ്തകത്തിന്റെ താളുകൾ വിൽപ്പനക്കു നൽകാമെങ്കിൽ അതൊരു വരുമാനമാർഗ്ഗമാകുന്ന കാലമാണിത്. തൂലികാസൗഹൃദത്തിന്റെ വിപണിയിൽ അക്ഷരങ്ങളിലൂടെയും ശബ്ദത്തിലൂടെയും ദൃശ്യങ്ങളിലൂടെയും സംഗമിക്കാം, സല്ലപിക്കാം.

വിപണിയിലെ വിലാസങ്ങളിലേറെയും വ്യാജമാണെന്നതാണു വാസ്തവം. വിലാസമാഗസിനുകൾ വിറ്റുകിട്ടാൻ വാക്കുകളിൽ രതി ചാലിച്ച് ആരൊക്കെയോ എഴുതുന്നു. ഒരു മാനസികരോഗമായി അതു വ്യാപിക്കുന്നു. സൗഹൃദപുസ്തകങ്ങളിൽ എന്തെന്തു മോഹവാഗ്ദാനങ്ങൾ- സൗഹൃദത്തിലൂടെ ജോലി, പണം, വിവാഹം, വിനോദം......

ആത്മാർത്ഥമായ സൗഹൃദങ്ങൾക്ക് ഇത്തരം കെട്ടുകാഴ്ചകളാവശ്യമില്ല. സൗഹൃദത്തിന്റെ ഉർവ്വരതയിൽ ഞാൻ തളിർത്തു നിന്ന ഒരു കാലത്തിനിപ്പുറം എഴുതാൻ മറന്ന ഓരോരുത്തരേയും ഓർക്കുമ്പോൾ സൗഹൃദപുസ്തകങ്ങളുടെ വ്യർത്ഥത എനിക്കു മനസ്സിലാകുന്നു. നഷ്ടപ്പെട്ട എന്റെ സ്നേഹബന്ധങ്ങളുടെ വിലയും അയ്യപ്പനേയും ജോണിനേയും മേതിലിനേയും കത്തിജ്വലിച്ച സംവാദങ്ങളിലേക്കു ക്ഷണിച്ചിരുത്തിയും പാതിയെഴുതിയ കവിതകളുദ്ധരിച്ച് പ്രതിഭയുള്ളവനെ അംഗീകരിക്കാൻ മടിക്കുന്ന പത്രാധിപരോടുള്ള രോഷം കത്തുകളിലൂടെ പരസ്പരം കൈമാറുകയും ചെയ്തിരിക്കെ ഒരിക്കൽ ഉണ്ണികൃഷ്ണൻ പുഴിക്കാട് എനിക്കെഴുതി: 'നമ്മുടെ ഏറ്റവും വലിയ പ്രശ്നം പോസ്റ്റുമാനാണ്.' കഷ്ടം, ഇനി ആ തസ്തികയും തപാൽവകുപ്പ് വേണ്ടെന്നുവയ്ക്കുകയാണത്രെ. സൗഹൃദങ്ങളുടെ പരാഗണം നടത്തിയിരുന്ന ആ പൂമ്പാറ്റക്കും ഇനി ആയുസില്ലല്ലോ!

> **"ഒരു സുഹൃത്തു നഷ്ടപ്പെടുമ്പോൾ**
> **ഹൃദയത്തിന്റെ ഒരു കീറ് നഷ്ടമാകുന്നു**
> **സ്വപ്നത്തുരുത്തിന്റെ**
> **ഒരു ഭാഗം കടലെടുക്കുന്നു**
> **ഭാഗികമായി ഞാൻ അനാഥനാകുന്നു!"**

തീക്ഷ്ണചിന്തകൾ മുതൽ ആർദ്രാനുഭവങ്ങൾ വരെ പോസ്റ്റുകാർഡിന്റെ ഇത്തിരിച്ചതുരത്തിലൊതുക്കി മടക്കത്തപാലിൽ മറുപടി എഴുതിയിരുന്ന മുരളീകൃഷ്ണൻ ഇപ്പോൾ എനിക്കെഴുതാറില്ല. 'സ്വപ്നങ്ങളാണു നമ്മെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതെന്ന്' നിരന്തരമോർമ്മിപ്പിച്ചിരുന്ന മുരളി ഒരുപക്ഷേ, ജീവിതഭാരത്തിനിടയിൽ സ്വപ്നം കാണാനും മറന്നിരിക്കാം. പിന്നീടെഴുതാമെന്നു പറഞ്ഞ് ഗൾഫിലേക്കു പോകുകയും വർഷങ്ങൾ കഴിഞ്ഞിട്ടും കത്തയക്കാതിരിക്കുകയും ചെയ്യുന്ന നമാസ് എ. റഹിം മണലാരണ്യത്തിലെ ഗൃഹാതുര സന്ധ്യകളിലെങ്കിലും എന്നെ ഓർക്കാതിരിക്കില്ല.

എന്നെ ഏറെ വിസ്മയിപ്പിച്ചിരുന്ന ഒരു സുഹൃത്തായിരുന്നു തിരുവനന്തപുരത്തെ സജി. കംപ്യൂട്ടറിന്റെ കീബോർഡിൽ ഒന്നിച്ചു താളമിട്ടു പഠിച്ച ഞങ്ങൾ പിരിഞ്ഞിട്ടു പത്തു വർഷമായി. ഓരോ പുതുവൽസരത്തിലും 'സജി തിരുവനന്തപുരം' എന്നു മാത്രം കുറിച്ച് ആശംസാകാർഡയച്ചിരുന്ന സജിയുടെ വിലാസവും എനിക്കു നഷ്ടപ്പെട്ടു!

സൗഹൃദങ്ങൾ ഔപചാരികതയുടെ നിറമണിയുമ്പോൾ മറ്റു പലതും നഷ്ടമാകുമെന്നു പഠിപ്പിച്ച മാതുലാമണി, യുക്തിവാദത്തിന്റെ ഉറച്ച നിലങ്ങളിൽ നിന്ന് എന്റെ ഭക്തിമാർഗ്ഗത്തോടു കലഹിച്ച ഗോവിന്ദൻ, കണ്ണൂരിന്റെ കലാപച്ചൂടിലുരുകാതെ സ്കൂൾയുവജനോത്സവത്തിന്റെ താളങ്ങളത്രയും എനിക്കെഴുതിപ്പകർന്ന സത്യേഷ്, ജന്മത്തിന്റെ വേവലാതികളത്രയും സ്നേഹത്തോടെ പങ്കുവച്ച രാജലക്ഷ്മി.......... ഈ അക്ഷരസൗഹൃദങ്ങളൊന്നും എനിക്കു ലഭിച്ചത് വിൽക്കാൻ വച്ചിരുന്ന വിലാസങ്ങളിൽ നിന്നല്ല. പക്ഷേ, എന്റെ മടിമൂലമാകാം അവയൊക്കെ എന്നോ നിലച്ചു!

കൺമുന്നിലും ദൈനംദിനജീവിതത്തിലും സുഹൃത്തുക്കളേറെയുണ്ട്. അവരിൽ പലരും ആടിത്തിമർക്കുന്ന കാപട്യത്തിന്റെ നാടകം കണ്ടറിയുമ്പോഴേക്കും വൈകിപ്പോകുന്നു. "കപട സ്നേഹിതാ നിന്നോടു ജീവിത വ്യഥകൾ ചൊല്ലിപ്പരാജയപ്പെട്ട" പ്പോഴാണ് നിലച്ചുപോയ കത്തെഴുത്തിന്റെ വിലയറിയുന്നത്.

*"വഴിയിൽ വെച്ചു നീ കാണുമ്പൊഴൊക്കെയും*
*കുശലമെയ്യുന്നു, മുൻവരിപ്പല്ലിനാൽ*
*ചിരി വിരിക്കുന്നു,*
*കരുതി ചെയ്യുവാൻ*
*കീശയിൽ ആയുധം തിരയുന്നു........"* (കുരീപ്പുഴ ശ്രീകുമാർ)

അതുകൊണ്ട് പ്രിയ സുഹൃത്തേ, അവസാനിപ്പിക്കാനാകാത്ത സ്നേഹബന്ധങ്ങളുടെ ഊഷരഭൂമിയിൽ നിന്ന് ഞാൻ പരാവർത്തനം ചെയ്യട്ടെ:

*"ഒരു സുഹൃത്തു നഷ്ടപ്പെടുമ്പോൾ*
*ഹൃദയത്തിന്റെ ഒരു കീറ് നഷ്ടമാകുന്നു*
*സ്വപ്നത്തുരുത്തിന്റെ*
*ഒരു ഭാഗം കടലെടുക്കുന്നു*
*ഭാഗികമായി ഞാൻ അനാഥനാകുന്നു!"*